Draft #19 of File 3558/AD A1/ASO1/2018/AD A 1 Approved by DEPUTY REGISTRAR I ADMINISTRATION on 20-Apr-2019 03:02 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം - സ്ഥാനക്കയറ്റം, ജോലിയിൽ തിരികെ പ്രവേശിക്കൽ, തരം താഴ്ത്തൽ, സ്ഥലം മാറ്റം, നിയമനം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 1673/AD A 1/2019/എം.ജി.യു പി.ഡി. ഹിൽസ്,തീയതി: 20.04.2019

പരാമർശം:-1.ശ്രീമതി.ശ്യാമള റ്റി.വി, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസറുടെ 11.04.2019-ലെ അവധിയ്ക്കുള്ള അപേക്ഷ.
2. ശ്രീ.അനിൽ ജി.നായർ , ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസറുടെ 12.04.2019 -ലെ പെൻഷൻ പ്രാരംഭാവധിക്കുള്ള അപേക്ഷ.
3. ശ്രീ. പ്രബോധകുമാർ എം.ആർ , അസിസ്റ്റൻറ് രജിസ്ട്രാറുടെ 11.04.2019 -ലെ സമർപ്പണം.
4. ശ്രീ. ഏബ്രഹാം വറുഗീസ്, സെക്ഷൻ ഓഫീസറുടെ 10.04.2019-ലെ സമർപ്പണം.
5. സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016

**<u>ഉത്തരവ്</u>**

ശ്രീമതി. ശ്യാമള റ്റി വി, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ, സി.ബി.സി.എസ്.എസ്. 24 സെക്ഷൻ, ഹിസ്റ്ററക്ടമി ശസ്ത്രക്രിയയ്ക്ക് വിധേയയാകുന്നതിന് 16.04.2019 മുതൽ 45 ദിവസത്തെ അവധിയ്ക്ക് സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. അനിൽ ജി നായർ, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ 20.04.2019 മുതൽ പെൻഷൻ പ്രാരംഭാവധിയ്ക്ക് സൂചന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടിയാൻ 30.04.2019-ന് സർവ്വകലാശാല സർവ്വീസിൽ നിന്നും വിരമിക്കുകയാണ്.

ശ്രീ. പ്രബോധകുമാർ എം.ആർ., അസിസ്റ്റൻറ് രജിസ്ട്രാർ, 15.03.2019 മുതൽ 19.04.2019 വരെ 36 ദിവസത്തെ ആർജിതാവധിയ്ക്ക് ശേഷം 20.04.2019-ന് സർവ്വീസിൽ തിരികെ പ്രവേശിക്കാൻ സൂചന (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. ഏബ്രഹാം വറുഗീസ്, സെക്ഷൻ ഓഫീസർ, 12.03.2019 മുതൽ 17.04.2019 വരെയുള്ള (18.04.2019, 19.04.2019 എന്നീ അവധിദിനങ്ങൾ ഒടുവിൽ ചേർത്ത്) ആർജിതാവധിയ്ക്ക് ശേഷം 20.04.2019-ന് സർവ്വീസിൽ തിരികെ പ്രവേശിക്കാൻ സൂചന (4) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ചിരിക്കുന്നവ പരിഗണിച്ച് താഴെ പ്രതിപാദിച്ചിട്ടുള്ള സ്ഥാനക്കയറ്റം, ജോലിയിൽ തിരികെ പ്രവേശിക്കൽ, തരം താഴ്ത്തൽ, സ്ഥലംമാറ്റം, നിയമനം എന്നിവ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് വൈസ് ചാൻസിലർ (i/c) ഉത്തരവായിരിക്കുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക | സ്ഥാനക്കയറ്റം, ജോലിയിൽ തിരികെ പ്രവേശിക്കൽ, തരം താഴ്ത്തൽ, സ്ഥലംമാറ്റം, തസ്തിക, ശമ്പള നിരക്ക്, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമിച്ചിരിക്കുന്നത് |
|---|---|---|---|---|
| 1. | ശ്രീ.പ്രബോധകുമാർ എം.ആർ അസിസ്റ്റൻറ് രജിസ്ട്രാർ (അവധി) | 20.04.2019 പൂർവ്വാഹ്നം മുതൽ ജോലിയിൽ തിരികെ പ്രവേശിക്കാൻ അനുവദിച്ചിരിക്കുന്നു. | ശ്രീ. ജോസഫ് ജോർജ്, പരീക്ഷാവിഭാഗം അസിസ്റ്റൻറ് രജിസ്ട്രാർ 14-നെ തരം താഴ്ത്തുന്നതിനെ ത്തുടർന്നുണ്ടാകുന്ന തസ്തിക ഒഴിവ് | പരീക്ഷാവിഭാഗം അസിസ്റ്റൻറ് രജിസ്ട്രാർ-14 ആയി നിയമിച്ചിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| 2. | ശ്രീ. അജിത്കുമാർ ജെ<br>സെക്ഷൻ ഓഫീസർ<br>ജനറൽ സ്റ്റോർ | 16.04.2019 പൂർവ്വാഹ്നം മുതൽ ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയി സ്ഥാനക്കയറ്റം നൽകി രൂപ 40,500-85,000 ശമ്പളസ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി.ശ്യാമള റ്റി.വി., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ, അവധിയിൽ പ്രവേശിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ് | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 3. | രജിസ്ട്രാറുടെ ഓഫീസിൽ വിവരാവകാശ നിയമപ്രകാരമുള്ള അപ്പീൽ പരാതികൾ കൈകാര്യം ചെയ്യുന്നതിനായി നിയോഗിച്ചിട്ടുള്ള ശ്രീമതി. സോണി എസ്. നായർ, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസറെ, എസി.ബി.2 സെക്ഷനിൽ, ശ്രീ. അനിൽ ജി. നായർ, പെൻഷൻ പ്രാരംഭാവധിയിൽ പ്രവേശിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിൽ സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 4. | ശ്രീ. ജോസഫ് ജോർജ്<br>അസിസ്റ്റൻറ് രജിസ്ട്രാർ 14<br>(പരീക്ഷാവിഭാഗം) | 20.04.2019 പൂർവ്വാഹ്നം മുതൽ ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയി തരംതാഴ്ത്തി രൂപ 40,500-85,000 ശമ്പളസ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. അനിൽ ജി.നായർ, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ, പെൻഷൻ പ്രാരംഭാവധിയിൽ പ്രവേശിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ് | ശ്രീമതി. സോണി എസ്. നായർ, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസറെ സ്ഥലംമാറ്റി നിയമിച്ചതിനെ ത്തുടർന്നുണ്ടായ ഒഴിവിൽ, വിവരാവകാശ നിയമപ്രകാരമുള്ള അപ്പീൽ പരാതികൾ കൈകാര്യം ചെയ്യുന്നതിനായി രജിസ്ട്രാറുടെ ഓഫീസിൽ നിയമിച്ചിരിക്കുന്നു. |
| 5. | ഇ.ബി.9 സെക്ഷനിലെ സെക്ഷൻ ഓഫീസറായ ശ്രീ.ജോസ് മാത്യുവിനെ സി.ബി.സി.എസ്.എസ്. 24 സെക്ഷനിൽ, ശ്രീമതി.ശ്യാമള റ്റി.വി., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ അവധിയിൽ പ്രവേശിച്ചതിനെ ത്തുടർന്നുണ്ടായ ഒഴിവിൽ, സ്ഥലം മാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 6. | ശ്രീ. ഏബ്രഹാം വറുഗീസ്<br>സെക്ഷൻ ഓഫീസർ<br>(അവധി) | 20.04.2019 പൂർവ്വാഹ്നം മുതൽ ജോലിയിൽ തിരികെ പ്രവേശിക്കാൻ അനുവദിച്ചിരിക്കുന്നു. | ശ്രീ. അജിത്കുമാർ ജെ., സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ് | ശ്രീ. ജോസ് മാത്യു, സെക്ഷൻ ഓഫീസറെ സ്ഥലം മാറ്റി നിയമിച്ചതിനെ ത്തുടർന്നുണ്ടായ ഒഴിവിൽ, ഇ.ബി. 9 സെക്ഷനിൽ നിയമിച്ചിരിക്കുന്നു. |

അസിസ്റ്റൻറ് രജിസ്ട്രാർമാർ അവർക്ക് ചുമതലയുള്ള സെക്ഷനുകളുടെ അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി പ്രവർത്തിക്കേണ്ടതാണ്.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ സൂചന (5) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

Draft #19 of File 3558/AD A1/ASO1/2018/AD A 1 Approved by DEPUTY REGISTRAR I ADMINISTRATION on 20-Apr-2019 03:02 PM - Page 2

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീരാജ് ആർ

ഡപ്യൂട്ടി രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
6. പബ്ലിക് റിലേഷൻസ് ഓഫീസർ/പൂൾ ഓഫീസർ (ഭരണവിഭാഗം)
7. ഓഡിറ്റ് II/III/ഫിനാൻസ് I/II/എഡി.എIII/എഡി.എ.IV/എഡി.എ.VIII/എഫ്.സി.സി./എഡി.ബി.IX/ സി.ബി.സി.എസ്.എസ്.24 / ഇ.ബി.9 /എസി.ബി. 2 എന്നീ സെക്ഷനുകൾ
8. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ഐ.ക്യൂഎ.സി./CITAD
9. ജനറൽ സ്റ്റോർ /റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #19 of File 3558/AD A1/ASO1/2018/AD A 1 Approved by DEPUTY REGISTRAR I ADMINISTRATION on 20-Apr-2019 03:02 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം